ങ്ങൾ പരാതിപ്പെട്ടിട്ടും മലിനീകരണ നിയന്ത്രണ ബോർഡ് അക്കാര്യത്തിൽ ഒരു നടപടിയും കമ്പനിക്കെതിരെ സ്വീകരിച്ചില്ല. പൊതുമേഖലാ സ്ഥാപനമായതുകൊണ്ട് കമ്പനിക്കെതിരെ സർക്കാർ ഏജൻസികളൊന്നും നടപടിയെടുക്കുന്നില്ല.

18 വർഷമായി ഞാൻ സമരരംഗത്തുണ്ട്. രാഷ്ട്രീയക്കാർ പലപ്പോഴും ഞങ്ങളെ ഭീഷണിപ്പെടുത്തുകപോലുമുണ്ടായിട്ടുണ്ട്. പൊല്യൂട്ടഡ് ഏരിയ വെൽഫയർ സൊസൈറ്റി എന്ന സമിതി രൂപീകരിച്ച് 18 വർഷമായി ഞങ്ങൾ സമരരംഗത്തുണ്ട്. സമിതിയുടെ മുൻ പ്രസിഡന്റായിരുന്ന ഡോ. വാസുദേവൻ കാൻസർ വന്നാണ് മരിക്കുന്നത്. കെ.എം.എം.എൽ മലിനീകരണത്തിനെതിരെ ഞങ്ങൾ കൊടുത്ത കേസും ഇപ്പോൾ ദേശീയ ഹരിത ട്രിബ്യൂണലിന്റെ പരിഗണനയിലാണുള്ളത്. മാലിന്യം കമ്പനിക്കുള്ളിൽത്തന്നെ സംസ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം എന്ന ആവശ്യമാണ് ഞങ്ങൾ കേസിലും മുന്നോട്ട് വച്ചിരിക്കുന്നത്.

പൊതുമേഖലാ സ്ഥാപനം പൂട്ടിച്ചിട്ട് സ്വകാര്യ കമ്പനികളെ രംഗത്ത് കൊണ്ടുവരുന്നതിനായാണ് നാട്ടുകാർ സമരം ചെയ്യുന്നതെന്നാണ് കമ്പനി മാനേജ്മെന്റിന്റെ ആരോപണം. ഞങ്ങൾ ഒരു സ്വകാര്യ കമ്പനിക്കും വേണ്ടി പണിയെടുക്കുന്നവരല്ല. കെ.എം.എം.എൽ പ്രവർത്തനം തുടങ്ങിയ കാലം മുതൽ തുടരുന്ന മലിനീകരണം അവസാനിപ്പിക്കണം എന്നുമാത്രമേ ഞങ്ങൾക്കുള്ളൂ. കമ്പനി അടച്ചുപൂട്ടണം എന്ന് ഞങ്ങൾ പറയുന്നില്ല. ഞങ്ങൾ കൊടുത്ത കേസിൽ പഞ്ചായത്തും കക്ഷി ചേർന്നിട്ടുണ്ടെങ്കിലും കമ്പനിക്കെതിരായി നിലവിലെ അധികാരമുപയോഗിച്ച് നടപടികളെടുക്കാൻ അവർ തയ്യാറായിട്ടില്ല. പ്രശ്നബാധിത മേഖല ഉൾക്കൊള്ളുന്ന ചവറ-പന്മന പഞ്ചായത്തുകൾ ജനങ്ങൾക്കുണ്ടാകുന്ന ദുരിതത്തിൽ പ്രതിസ്ഥാനത്താണ്.■

# കമ്പനി തുടങ്ങിയ കാലം മുതൽ മലിനീകരണ പ്രശ്നമുണ്ട്

## നീതു

(കെ.എം.എം.എൽ മലിനീകരണ വിരുദ്ധ സമര പ്രവർത്തക)

**കമ്പനിയിൽ** നിന്നുള്ള മാലിന്യം പുറത്തേക്കൊഴുകിയിട്ട് ഞങ്ങളുടെ പ്രദേശമാകെ ഇപ്പോൾ ഓറഞ്ച് നിറത്തിലായിരിക്കുകയാണ്. അയൺ ഓക്സൈഡ് പോലെയുള്ള മാരക മാലിന്യങ്ങളാണ് വീടിന് മുന്നിൽ നിറഞ്ഞിരിക്കുന്നത്. മണ്ണിൽ ചവിട്ടാൻ പോലും കഴിയാത്ത സ്ഥിതിയാണ് ഇവിടെ നിലനിൽക്കുന്നത്. ജനജീവിതം സാധ്യമല്ലാത്തവിധം രൂക്ഷമായ മലിനീകരണ പ്രശ്നം ഉണ്ടായിരിക്കുന്ന 150 ഏക്കറോളം പ്രദേശം ഏറ്റെടുക്കാമെന്ന് സർക്കാർ സമ്മതിച്ചതാണ്. പക്ഷെ തുടർന്ന് നടപടികളൊന്നുമുണ്ടായിട്ടില്ല. അതോടെയാണ് ഞങ്ങൾ സമരം ശക്തമാക്കിയത്. കമ്പനിയോട് ചേർന്നുള്ള ചിറ്റൂർ, മേക്കാട്, ഇടപ്പള്ളിക്കോട്ട പ്രദേശങ്ങളിലാണ് മലിനീകരണം വ്യാപകമായ തോതിലുള്ളത്. കാൻസർ, ആസ്മ, കുട്ടികളുടെ ശരീരത്തിലെ തൊലി പൊള്ളി ഉണങ്ങിപ്പോകൽ തുടങ്ങിയ പ്രശ്നങ്ങൾ ഇവിടെ പതിവായിരിക്കുകയാണ്. പന്മന പഞ്ചായത്തിലെ നാല് വാർഡുകളിലുള്ള ജനങ്ങൾ വിവിധ രോഗങ്ങൾക്ക് അടിപ്പെട്ടിരിക്കുകയാണ്. കിണറും ജലസ്രോതസ്സുകളും നശിച്ചു. കിണറ്റിൽ നിന്നും കോരിയെടുക്കുന്ന വെള്ളത്തിന് കാപ്പിപ്പൊടിയുടെ നിറമാണ്. കാർഷിക വിളകളും മരങ്ങളുമെല്ലാം കരിഞ്ഞുണങ്ങുകയാണ്. കമ്പനി തുടങ്ങിയ കാലം മുതൽ ഈ പ്രശ്നങ്ങൾ ഇവിടെ നിലനിൽക്കുന്നുണ്ട്. ഇപ്പോഴാണ് പൊതുസമൂഹം ഇത് ചർച്ചചെയ്യാൻ തുടങ്ങിയതെന്ന് മാത്രം. എന്നിട്ടും എം.പിയോ എം.എൽ.എയോ പന്മന പഞ്ചായത്തിലെ ജനപ്രതിനിധികളോ ഈ വിഷയത്തിൽ ശക്തമായ നിലപാടെടുത്തിട്ടില്ല.

കമ്പനി അടച്ചുപൂട്ടണമെന്ന് ഞങ്ങൾ പറയുന്നില്ല. മലിനീകരണ പ്രശ്നം പരിഹരിക്കണം. കമ്പനിക്കുള്ളിൽ കെട്ടിക്കിടക്കുന്ന മാലിന്യത്തിന്റെ കാര്യത്തിൽ ഉടൻ ഒരു തീരുമാനമുണ്ടാകണം. കുടിവെള്ളം നഷ്ടമായവർക്ക് സൗജന്യമായി കുടിവെള്ള സൗകര്യം നൽകണം. നാട്ടുകാരിൽ പലരും കമ്പനിയിൽ തൊഴിലാളികളായുണ്ട്. അവരും ഞങ്ങളുടെ സമരത്തിന് അനുകൂലമായ നിലപാടാണ് സ്വീകരിക്കുന്നത്. അത്രയ്ക്കും രൂക്ഷമാണ് പ്രശ്നങ്ങളെന്ന് അവർക്കറിയാം. രോഗികളായവർക്ക് വൈദ്യസഹായം നൽകുമെന്നെല്ലാം കമ്പനി പറഞ്ഞിരുന്നെങ്കിലും കാൻ

സർ രോഗികൾക്ക് പ്രതിവർഷം 5000 രൂപ കൊടുത്തത് മാത്രമാണ് അവർ ചെയ്ത സഹായം. അത് ഒരു ന്യായമായ സഹായമേ അല്ല. ഇനിയും കാൻസർ രോഗികളുണ്ടാകാതിരിക്കുന്നതിനുള്ള ബാധ്യതയും കമ്പനിക്കുണ്ട്. എന്റെ അറിവിൽ 35 കാൻസർ കേസുകൾ ഞാൻ താമസിക്കുന്ന ചിറ്റൂർ വാർഡിൽ തന്നെയുണ്ട്. ഞങ്ങൾക്കുണ്ടായ നാശനഷ്ടങ്ങൾക്ക് മാന്യമായ നഷ്ടപരിഹാരം നൽകാനും പുനഃരധിവാസ സൗകര്യങ്ങൾ നൽകാനും കമ്പനി തയ്യാറാകണം. ഞങ്ങൾ സി.എം.ആർ.എല്ലിന്റെ ആളുകളാണെന്നും കെ.എം.എം.എൽ പൂട്ടിക്കാൻ വേണ്ടിയാണ് സമരം നടത്തുന്നതെന്നും ആരോപണമുണ്ട്. ഞങ്ങൾക്ക് ഒരു സി.എം.ആർ.എല്ലിനെയും അറിയില്ല. ഞങ്ങൾ മരിക്കാതിരിക്കാൻ വേണ്ടി നടത്തുന്ന സമരമാണിത്. അതിനെ ഈ വിധം ആക്ഷേപിക്കരുത്. കക്ഷിരാഷ്ട്രീയം നോക്കാതെ നാട്ടുകാരെല്ലാം സമരത്തിൽ അണി ചേരുന്നതും അതുകൊണ്ടാണ്.